# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2025 — 22.01.2014-ൽ മറുപടിക്ക്

### മുതലപ്പൊഴിയിൽ മത്സ്യബന്ധന ബോട്ട് തകർന്നതിനെ ത്തുടർന്നാവശ്യപ്പെട്ട ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ശശി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | നിർമ്മാണം പൂർത്തിയാകാത്ത മുതലപ്പൊഴി തുറമുഖത്തിനടുത്തുള്ള താഴമ്പള്ളി, പൂത്തുറ, പെരുമാതുറ, പുതുക്കുറിച്ചി പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നതിന് ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച പരാതികളോ, ആക്ഷേപങ്ങളോ രേഖാമൂലം ലഭിച്ചിട്ടില്ല. |
| (ബി) | മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരവെ മുതലപ്പൊഴിയിലെ പുലിമുട്ടിൽ ഇടിച്ച് മത്സ്യബന്ധന ബോട്ട് തകർന്നു പോയതിനാൽ ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.അബ്ബാസ്, ആറ്റരികത്ത് വീട്, ചാന്നാങ്കര, ശ്രീ.സുലൈമാൻ, സൈനബ മൻസിൽ, ശ്രീ. ടെറൻസ്, പുതുവൽ വീട്, താഴമ്പള്ളി എന്നിവർ 09.12.2011 ൽ ചിറയിൻകീഴ് എം.എൽ.എ.യുടെ ആമുഖ കത്ത് സഹിതം നൽകിയ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിട്ടതിനുള്ള കാരണം വിശദീകരിക്കാമോ; ധനസഹായം എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത വ്യക്തികളിൽ, ശ്രീ. ടെറൻസ്, പുതുവൽ വീട്, താഴപ്പള്ളി എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ടിയാന് നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണിക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. (ഫയൽ നം.16193/ബി3/11/മതുവ.) |

സെക്ഷൻ ഓഫീസർ